سورة المزمل

73. സൂറത്തുൽ മുസ്സമ്മിൽ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 20 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلْمُزَّمِّلُ ﴿١﴾

《1》 ഹേ, വസ്ത്രമിട്ടു മൂടിയവനേ!

قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾

《2》 രാത്രി അൽപം ഒഴിച്ച് (ബാക്കി സമയം) എഴുന്നേറ്റ് (നമസ്കരിച്ചു) കൊള്ളുക;-

نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ﴿٣﴾

《3》 അതായത്, അതിന്റെ പകുതി (സമയം); അല്ലെങ്കിൽ, അതിൽ നിന്ന് അൽപം ചുരുക്കിക്കൊള്ളുക;-

أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ﴿٤﴾

《4》 അല്ലെങ്കിൽ, അതിനെക്കാൾ (അൽപം) വർദ്ധിപ്പിച്ചുകൊള്ളുക; ഒരു സാവകാശക്രമത്തിൽ ക്വുർആൻ നിറുത്തിനിറുത്തി ഓതുകയും ചെയ്യുക.

《1》 يَٰٓأَيُّهَا ٱلْمُزَّمِّلُ ഹേ, ഓ വസ്ത്രമിട്ടു മൂടിയവനേ, പുതച്ചു കിടക്കുന്നവനേ 《2》 قُمِ എഴുന്നേൽക്കുക (നമസ്കരിക്കുക) ٱلَّيْلَ രാത്രി إِلَّا قَلِيلًا അൽപം (കുറച്ച്) ഒഴികെ 《3》 نِّصْفَهُۥ അതായത് അതിന്റെ പകുതി أَوِ ٱنقُصْ അല്ലെങ്കിൽ ചുരുക്കിക്കൊള്ളുക مِنْهُ അതിൽനിന്ന് قَلِيلًا അൽപം 《4》 أَوْ زِدْ അല്ലെങ്കിൽ വർദ്ധിപ്പിച്ച്

കൊള്ളുക عَلَيْهِ അതിനെക്കാൾ وَرَتِّلِ സാവകാശത്തിലോതുക (സാവധാനക്രമ ത്തിലാക്കുക- നിറുത്തിനിറുത്തി വായിക്കുക)യും ചെയ്യുക ٱلْقُرْءَانَ ക്വുർആനെ تَرْتِيلاً ഒരു സാവകാശക്രമം

المزمل (വസ്ത്രമിട്ടു മൂടിയവൻ) എന്ന് നബി തിരുമേനിﷺയെ സംബോ ധന ചെയ്തതിന് ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു.

(1) വഹ്‌യിന്റെ ആരംഭകാലത്ത് ജിബ്‌രീൽ (അ) വഹ്‌യും കൊണ്ടുവന്ന പ്പോൾ നബിﷺക്ക് ഭയം തോന്നുകയും, വീട്ടിൽവന്നു 'വസ്ത്രമിട്ട് മൂടിത്തരുവിൻ, പുതപ്പിട്ടുതരുവിൻ (زملوني ، دثروني)' എന്ന് അവിടുന്ന് പറയുകയും ഉണ്ടായി. അങ്ങ നെയുള്ള അവസരത്തിലായിരുന്നു ഈ വചനങ്ങൾ അവതരിച്ചത്.

(2) പ്രവാചകത്വം (നുബുവ്വത്ത്) ആകുന്ന വസ്ത്രത്താൽ ആവരണം ചെയ്യപ്പെടുകയും, ദിവ്യദൗത്യം (രിസാലത്ത്) ആകുന്ന ഭാരം ഏൽപിക്കപ്പെടുക യും ചെയ്ത ആൾ എന്നാണ് വിവക്ഷ.

(3) രാത്രി വസ്ത്രമിട്ടു പുതച്ചു കിടന്നുറങ്ങിയാൽ പോരാ, എഴുന്നേറ്റു നമസ്കാരത്തിൽ മുഴുകേണ്ടതുണ്ട് എന്ന സൂചനയാണത്.

(4) ക്വുറൈശികൾ നബിﷺയെക്കുറിച്ച് കവിയാണെന്നും, പ്രശ്നക്കാര നാണെന്നും, ഭ്രാന്തനാണെന്നുമൊക്കെ പറഞ്ഞുകേട്ടപ്പോൾ തിരുമേനി (വ്യസനം നിമിത്തം) വീട്ടിൽചെന്നു വസ്ത്രം മൂടിപ്പുതച്ചു കിടക്കുകയുണ്ടായി. ആ സന്ദർഭ ത്തിലായിരുന്നു ഇത് അവതരിച്ചത്.

പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തിൽ, അവതരിച്ച സൂറത്തുകളിൽപെ ട്ടതാണ് ഈ സൂറത്ത്. അന്ന് അഞ്ചു നേരത്തെ നമസ്കാരം നിയമിക്കപ്പെട്ടിരുന്നി ല്ല. അതിനുമുമ്പാണ് ഈ കൽപന. രാത്രിയുടെ ഏതാണ്ട് പകുതി സമയം- അൽപം കുറവോ കൂടുതലോ ആയാലും വിരോധമില്ല- എഴുന്നേറ്റു നമസ്കരി ക്കണമെന്ന് ഇതുമൂലം അല്ലാഹു നബിﷺയോട് കൽപിച്ചിരിക്കുന്നു. അഞ്ച് നമ സ്കാരം നിയമമാക്കപ്പെടുന്നതുവരെ രാത്രി നമസ്കാരം നിർവ്വഹിക്കൽ പൊതു വിൽ എല്ലാവർക്കും നിർബന്ധമായിരുന്നുവോ എന്നുള്ളതിൽ ഭിന്നാഭിപ്രായം കാണാം. ഏതായാലും, പിന്നീട് ഈ നമസ്കാരം നിർബന്ധമല്ലെന്നും, അതേസ മയത്ത് രാത്രി ഉറക്കത്തിൽനിന്ന് എഴുന്നേറ്റ് അൽപമെങ്കിലും നമസ്കരിക്കൽ- അഥവാ 'തഹജ്ജുദ്' നമസ്കാരം- വളരെ പ്രധാനപ്പെട്ട ഒരു പുണ്യകർമമാണെ ന്നുള്ളതിൽ ആർക്കും ഭിന്നാഭിപ്രായമില്ല. (മുസ്‌ലിം നാമധാരികളായ ചില തിരു ത്തൽവാദികൾക്കൊഴികെ.) രാത്രി നമസ്കാരത്തിന്റെ പ്രാധാന്യത്തെ പറ്റി ക്വുർ ആനിലും ഹദീഥിലും ധാരാളം ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. (സജ്ദഃ 16; ഫുർക്വാൻ 64; ദാരിയാത്ത് 17, 18 മുതലായവയും വിവരണവും നോക്കുക.)

നമസ്കാരകർമത്തിന്റെ പ്രധാന ഘടകങ്ങളാണല്ലോ നിറുത്തം, ക്വുർആൻ പാരായണം, റുകൂഉ്, സുജൂദ് എന്നിവയെല്ലാം. അതുകൊണ്ട് നമസ്കാരത്തെ ഉദ്ദേശിച്ച് ഈ വാക്കുകൾ ഉപയോഗിക്കാറുണ്ടെന്ന് നാം ഇതിന് മുമ്പ് ചിലപ്പോഴെല്ലാം ഉണർത്തുകയുണ്ടായിട്ടുണ്ട്. ഇവിടെ قم الليل (രാത്രി എഴുന്നേൽക്കുക) എന്നും, 20 -ാം വചനത്തിൽ تقوم (നീ എഴുന്നേൽക്കുന്നു) എന്നും പറഞ്ഞിരിക്കുന്നത് എഴുന്നേറ്റ് നമസ്കരിക്കുക എന്ന അർത്ഥത്തിലാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ക്വുർആൻ പാരായണം നമസ്കാരത്തിലെ ഒരു പ്രധാനഭാഗമാണെന്നപോലെത്തന്നെ, ക്വുർആൻ പാരായണത്തിന് ഏറ്റവും പറ്റിയ അവസരം നമസ്കാരവുമത്രെ. അതുകൊണ്ട് നമസ്കാരത്തെപ്പറ്റി പ്രസ്താവിച്ചതിനെത്തുടർന്ന് ക്വുർആൻ പാരായണം എപ്രകാരമായിരിക്കണമെന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

ترتيل (തർതീൽ) എന്നാൽ, അക്ഷരങ്ങൾ വ്യക്തമാക്കിയും വാക്കുകൾ മുറിച്ചുമുറിച്ചും, വാചകങ്ങൾ നിറുത്തിനിറുത്തിയുംകൊണ്ട് സാവകാശരൂപത്തിൽ നന്നാക്കിവായിക്കുക- അല്ലെങ്കിൽ സംസാരിക്കുക- എന്നർത്ഥമാകുന്നു. ക്വുർആൻ തർതീലാക്കി ഓതണമെന്ന കൽപന വളരെ അർത്ഥവത്തായ ഒരു കൽപനയാണ്. ഓതുന്നവന് അതിന്റെ അർത്ഥവും, ആശയവും, സൂചനകളുമെല്ലാം ഓർമിക്കുവാനും, അവ മനസ്സിൽ പതിയുവാനും, അവയെപ്പറ്റി ഉറ്റാലോചിക്കുവാനും അത് വളരെ ഉപകരിക്കുന്നു. അങ്ങനെയുള്ള ഓത്ത്കേൾക്കുന്നവർക്കും അത് ഫലം ചെയ്യും. ക്വുർആനോടുള്ള ആദരവും ഭക്തിയും പ്രകടിപ്പിക്കലും കൂടിയാണത്. സാധാരണ വായനകളിലും, സംസാരങ്ങളിലും പോലും ഉച്ചാരണ ശുദ്ധി കൂടാതെയും, അക്ഷരവ്യക്തത കൂടാതെയും ധൃതിയിൽ ഉരുവിടുന്ന സമ്പ്രദായം അനഭിലഷണീയമാണല്ലോ.

ക്വുർആന്റെ വായനാരൂപങ്ങളും മര്യാദകളും വിഷയമാക്കിക്കൊണ്ടുള്ള ഒരു പ്രത്യേകശാസ്ത്രംതന്നെ ഇസ്‌ലാമിലുണ്ട്. അതിന്റെ പ്രാധാന്യത്തെ ഈ വചനം ചൂണ്ടിക്കാണിക്കുന്നു. علم التجويد (ഇൽമുത്തജ്‌വീദ് അഥവാ വായന നന്നാക്കുന്ന ശാസ്ത്രം) എന്ന പേരിൽ അത് അറിയപ്പെടുന്നു. നബിﷺയിൽനിന്ന് സ്വഹാബികളും, അവരിൽനിന്ന് പിന്നീടുള്ളവരും മുഖാമുഖമായും, കർണാകർണികയായും കേട്ടുപഠിച്ച സമ്പ്രദായങ്ങളെ ഈ ശാസ്ത്രം പ്രതിനിധാനം ചെയ്യുന്നു. ക്വുർആൻ പാരായണ മര്യാദകളെപ്പറ്റി പലതും മുഖവുരയിൽ നാം വിവരിച്ചിട്ടുണ്ട്. അത്ഇവിടെ അനുസ്മരിക്കുന്നത് നന്നായിരിക്കും. സന്ദർഭോചിതമായ ചുരുക്കം ചില ഹദീഥുകൾമാത്രം ഇവിടെ ഉദ്ധരിക്കാം:-

1. നബിﷺ ക്വുർആൻ പാരായണം ചെയ്തിരുന്ന രീതിയെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അനസ് (റ) ഇങ്ങനെ മറുപടി പറഞ്ഞു: അത് നീട്ടിനീട്ടിക്കൊണ്ടായിരുന്നു. പിന്നീട് അനസ് (റ) 'ബിസ്മില്ലാഹി' എന്നും, 'അർ-റഹ്മാനി' എന്നും, 'അർ- റഹീം' എന്നും ഓരോന്നും നീട്ടിക്കൊണ്ട് ഓതികേൾപ്പിച്ചു. (ബുഖാരി.)

2. ഉമ്മുസലമഃ (റ)യോട് അതിനെക്കുറിച്ച് ചോദിച്ച ഒരാൾക്ക് ഓരോ അക്ഷരവും വടിവോടെ വ്യക്തമായി ഉച്ചരിച്ചുകൊണ്ട് അവർ ഓതിക്കൊടുക്കുകയുണ്ടായി. (തി; ദാ; ന)

3. നബിﷺ പറഞ്ഞിരിക്കുന്നു: 'നിങ്ങളുടെ ശബ്ദങ്ങൾകൊണ്ട് ഖുർആനെ അലങ്കരിക്കുവിൻ.' (അ; ദാ)

4. ത്വാഊസ് (റ) പറയുന്നു: ഖുർആൻ പാരായണത്തിൽ ശബ്ദം നല്ലവനും, നന്നായി ഓതുന്നവനും എങ്ങനെയുള്ള ആളായിരിക്കുമെന്ന് ചോദിക്കപ്പെട്ടപ്പോൾ നബിﷺ ഇങ്ങനെ പറഞ്ഞു: 'ഏതൊരുവൻ ഓതുന്നത് കേട്ടാൽ, അവൻ അല്ലാഹുവിനെ ഭയപ്പെടുന്നുവെന്ന് നിനക്ക് കാണാമോ അവനാണ്.' (ദാരിമി.)

5. നബിﷺ പറയുന്നു: 'നിങ്ങളുടെ ഹൃദയങ്ങൾക്ക് ഖുർആനോട് ഇണക്കമായിരിക്കുമ്പോൾ നിങ്ങളത് പാരായണം ചെയ്യുവിൻ. പൊരുത്തക്കേടാകുമ്പോൾ (വിരസത തോന്നുമ്പോൾ) അതിൽനിന്ന് എഴുന്നേറ്റുപോയിക്കൊള്ളുവിൻ'

إِنَّا سَنُلْقِى عَلَيْكَ قَوْلًا ثَقِيلًا ﴿٥﴾

《5》 നിശ്ചയമായും ഭാരപ്പെട്ട ഒരു വചനം നാം നിന്റെ മേൽ ഇട്ടേച്ച് [അവതരിപ്പിച്ച്] തരാൻ പോകുന്നു.

إِنَّ نَاشِئَةَ ٱلَّيْلِ هِىَ أَشَدُّ وَطْـًٔا وَأَقْوَمُ قِيلًا ﴿٦﴾

《6》 നിശ്ചയമായും, രാത്രി (നമസ്കാരത്തിന്) ഉണർന്നെഴുന്നേൽക്കുക എന്നത്; അത് കൂടുതൽ ശക്തമായി സമ്മർദ്ദം ചെലുത്തുന്നതും, വാക്ക് കൂടുതൽ ചൊവ്വാക്കുന്നതുമത്രെ.

إِنَّ لَكَ فِى ٱلنَّهَارِ سَبْحًا طَوِيلًا ﴿٧﴾

《7》 നിശ്ചയമായും, പകലിൽ നിനക്ക് ദീർഘമായി ജോലിത്തിരക്കുണ്ട്.

《5》 إِنَّا നിശ്ചയമായും നാം سَنُلْقِى ഇട്ടേച്ച് (അവതരിപ്പിച്ചു) തന്നേക്കും (തരാൻ പോകുന്നു) عَلَيْكَ നിന്റെ മേൽ قَوْلًا ഒരു (തരം) വചനം ثَقِيلًا ഭാരപ്പെട്ട, ഘനപ്പെട്ട 《6》 إِنَّ نَاشِئَةَ നിശ്ചയമായും ഉണർന്നെഴുന്നേൽപ് ٱلَّيْلِ രാത്രിയിലെ هِىَ അത് أَشَدُّ കഠിന (ശക്ത)മായതത്രെ وَطْـًٔا സമ്മർദ്ദം وَأَقْوَمُ കൂടുതൽ ചൊവ്വുള്ളതും,

ചൊവ്വാക്കുന്നതും قِيلاً വാക്ക്, വചനം ﴾7﴿ إِنَّ لَكَ നിശ്ചയമായും നിനക്കുണ്ട് فِي ٱلنَّهَارِ പകലിൽ سَبۡحًا സഞ്ചാരം, വ്യാപരിക്കൽ (ജോലിത്തിരക്ക്) طَوِيلا നീണ്ട, ദീർഘിച്ച

ഭാരപ്പെട്ട വചനം ഇട്ടുതരാൻ പോകുന്നുവെന്ന് പറഞ്ഞത്, പിന്നീട് നബി ﷺക്ക് അവതരിക്കുവാനിരിക്കുന്ന ക്വുർആൻ വചനങ്ങൾ, നിയമനിർദ്ദേശങ്ങൾ ആദിയായവ ഉദ്ദേശിച്ചാകുന്നു. ക്വുർആന്റെ സന്ദേശങ്ങൾ നടപ്പിൽ വരുത്തലും, പ്രബോധനം ചെയ്യലും വളരെ ഭാരിച്ച കൃത്യമാണെന്ന് പറയേണ്ടതില്ലല്ലോ. അതുപോലെത്തന്നെ വഹ്‌യാകുന്ന ദിവ്യസന്ദേശങ്ങൾ സ്വീകരിക്കലും കേവലം ഭാരമേറിയ ഒരു കാര്യമത്രെ. തണുപ്പേറിയ ദിവസങ്ങളിൽ പോലും വഹ്‌യ് വരുമ്പോൾ നബി തിരുമേനി ﷺയുടെ നെറ്റി വിയർക്കാറാകുമായിരുന്നുവെന്നും ഹദീഥുകളിൽ കാണാവുന്നതാണ്. ഭാരമേറിയതും അതിമഹത്തായതുമായ ആ ചുമതലകൾ ഏറ്റുവാങ്ങുവാനും നിറവേറ്റുവാനും വേണ്ടുന്ന ദൈവികസഹായവും ആത്മീയ ശക്തിയും സിദ്ധിക്കുവാനുള്ള മാർഗമത്രെ രാത്രി ഉറക്കത്തിൽനിന്ന് എഴുന്നേറ്റ് ചെയ്യുന്ന നമസ്കാരകർമം. രാത്രിയിലെ നമസ്കാരം പകലിലെ നമസ്കാരത്തെക്കാൾ പ്രയാസപ്പെട്ടതും ഭാരപ്പെട്ടതുമാണ്. അതേ സമയത്ത് ആത്മനിയന്ത്രണത്തിനും, ആത്മപരിശീലനത്തിനും അത് കൂടുതൽ ഉപകരിക്കുകയും ചെയ്യുന്നു. ഏകാഗ്രതയും, മനസ്സാന്നിധ്യവും അത് വർദ്ധിപ്പിക്കുന്നു. നാവിനും ഹൃദയത്തിനുമിടയിൽ കൂടുതൽ പൊരുത്തവും സംയോജനവും ഉണ്ടാകുന്നു. നിശ്ശബ്ദവും സ്വസ്ഥവുമായ അവസരമാണല്ലോ രാത്രിസമയം. അൽപം ഉറങ്ങി വിശ്രമിച്ചശേഷം എഴുന്നേറ്റ് വുദ്വൂ ചെയ്തു കഴിയുന്നതോടെ ശരീരത്തിനും മനസ്സിനും പുതിയൊരു ചൈതന്യവും ഉൻമേഷവും സംജാതമായിത്തീരുന്നു. അന്യചിന്തകളുടെയോ, ജോലിത്തിരക്കുകളുടെയോ അലട്ടില്ലാത്ത ആ അവസരം, നമസ്കാരം, പ്രാർത്ഥന, ക്വുർആൻ പാരായണം, ദിക്ർ, തസ്ബീഹ് തുടങ്ങിയ ആരാധനകൾ നടത്തുവാൻ ഏറ്റവും പറ്റിയതത്തന്നെ, ഇങ്ങനെയുള്ള വസ്തുതകളെയാണ് ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

നബി തിരുമേനി ﷺ അരുളിച്ചെയ്ത ഒരു വചനം ഇവിടെ ശ്രദ്ധേയമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്: 'ഒരാൾ ഉറങ്ങുമ്പോൾ പിശാച് അവന്റെ പിരടിക്ക് മൂന്ന് കെട്ടുകൾ കെട്ടുന്നു. അവൻ ഉണരുമ്പോൾ അല്ലാഹുവിനെ സ്മരിക്കുന്നപക്ഷം ഒരു കെട്ടഴിഞ്ഞുപോകും. എഴുന്നേറ്റ് 'വുദ്വു' എടുത്താൽ മറ്റൊരു കെട്ടഴിയും, നമസ്കരിച്ചാൽ എല്ലാ കെട്ടുകളും അഴിഞ്ഞുപോകും. അങ്ങനെ, അവൻ ചൊടിയുള്ളവനും ഹൃദയം ശുദ്ധമായവനുമായി നേരം പുലരും. അല്ലാത്തപക്ഷം മനസ്സ് ദുഷിച്ചവനായും മടിയനായുംകൊണ്ടും നേരം പുലരും.'(ബു; മു.) ومن الله التوفيق

وَٱذۡكُرِ ٱسۡمَ رَبِّكَ وَتَبَتَّلۡ إِلَيۡهِ تَبۡتِيلاً ﴿٨﴾

﴾8﴿ നിന്റെ റബ്ബിന്റെ നാമം സ്മരിക്കുകയും, അവങ്കലേക്ക് (ഏകാഗ്രചിത്തനായി) ഒരു മുറിഞ്ഞടുക്കൽ അടുക്കുകയും ചെയ്യുക.

رَّبُّ ٱلْمَشْرِقِ وَٱلْمَغْرِبِ لَآ إِلَٰهَ إِلَّا هُوَ فَٱتَّخِذْهُ وَكِيلًا ﴿٩﴾

﴿9﴾ ഉദയസ്ഥാനത്തിന്റെയും, അസ്തമയസ്ഥാനത്തിന്റെയും റബ്ബാകുന്നു (അവൻ); അവനല്ലാതെ ആരാധ്യനേയില്ല. അതിനാൽ, അവനെ നീ (എല്ലാ കാര്യവും) ഭരമേൽപിക്കപ്പെട്ടവനാക്കിക്കൊള്ളുക.

وَٱصْبِرْ عَلَىٰ مَا يَقُولُونَ وَٱهْجُرْهُمْ هَجْرًا جَمِيلًا ﴿١٠﴾

﴿10﴾ അവർ [അവിശ്വാസികൾ] പറഞ്ഞുവരുന്നതിനെക്കുറിച്ച് നീ ക്ഷമ കൈകൊള്ളുകയും, ഭംഗിയായ വിധത്തിൽ അവരെ വെടിഞ്ഞുനിൽക്കുകയും ചെയ്യുക.

وَذَرْنِى وَٱلْمُكَذِّبِينَ أُو۟لِى ٱلنَّعْمَةِ وَمَهِّلْهُمْ قَلِيلًا ﴿١١﴾

﴿11﴾ എന്നെയും സുഖാനുഗ്രഹത്തിന്റെ ആൾക്കാരായ (ആ) വ്യാജവാദികളെയും വിട്ടേക്കുകയും, അവർക്ക് അൽപം ഇടനൽകുകയും ചെയ്യുക. [അവരുടെ കാര്യം ഞാൻ തീരുമാനിച്ചുകൊള്ളാം.]

﴿8﴾ وَٱذْكُرِ നീ ഓർമിക്കുക (സ്മരിക്കുക, പറയുക)യും ചെയ്യുക ٱسْمَ رَبِّكَ നിന്റെ റബ്ബിന്റെ നാമം وَتَبَتَّلْ (ഇതരചിന്തകൾ വിട്ട്) മുറിഞ്ഞു (മിനക്കെട്ടു)ചെല്ലുക إِلَيْهِ അവങ്കലേക്ക് تَبْتِيلًا ഒരു (നല്ലതരം) മുറിഞ്ഞുചെല്ലൽ ﴿9﴾ رَّبُّ ٱلْمَشْرِقِ ഉദയസ്ഥാനത്തിന്റെ റബ്ബാകുന്നു وَٱلْمَغْرِبِ അസ്തമയസ്ഥാനത്തിന്റെയും لَآ إِلَٰهَ ആരാധ്യനേയില്ല إِلَّا هُوَ അവനല്ലാതെ فَٱتَّخِذْهُ അതിനാൽ അവനെ ആക്കിക്കൊള്ളുക وَكِيلًا ഭരമേൽപിക്കപ്പെട്ടവൻ, ഭാരമേറ്റവൻ, ഏൽപനക്കാരൻ ﴿10﴾ وَٱصْبِرْ നീ ക്ഷമിക്കുകയും ചെയ്യുക عَلَىٰ مَا يَقُولُونَ അവർ പറഞ്ഞുവരുന്നതിനെപ്പറ്റി وَٱهْجُرْهُمْ അവരെ വെടിയുക (വിട്ടുനിൽക്കുക)യും ചെയ്യുക هَجْرًا ഒരു വെടിയൽ جَمِيلًا ഭംഗിയായ, സുന്ദരമായ ﴿11﴾ وَذَرْنِى എന്നെ വിട്ടേക്കുകയും ചെയ്യുക وَٱلْمُكَذِّبِينَ വ്യാജമാക്കുന്നവരെയും أُو۟لِى ٱلنَّعْمَةِ സുഖാനുഗ്രഹത്തിന്റെ (സൗഖ്യത്തിന്റെ) ആൾക്കാരായ وَمَهِّلْهُمْ അവർക്ക് ഇട (ഒഴിവ്) കൊടുക്കുകയും ചെയ്യുക قَلِيلًا അൽപം, കുറച്ച്

അല്ലാഹു അല്ലാതെ ആരാധ്യനേയില്ല (لا إله الا الله) എന്ന തൗഹീദിന്റെ വാക്യം സ്വീകരിക്കുന്നതോടെ അനിവാര്യമായിത്തീരുന്ന കടമയാണ് സകല കാര്യങ്ങളും അല്ലാഹുവിൽ അർപ്പിക്കലും, അവനെ കാര്യകർത്താവായി സ്വീകരിക്കലും എന്ന് 8 ഉം 9

ഉം വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. പ്രതികാരേച്ഛയോ വിദ്വേഷമോ കൂടാതെ, മന സ്സുകൊണ്ടും ആശയംകൊണ്ടും ശത്രുക്കളുമായി അകന്നു നിൽക്കണം, അവരുടെ അക്രമങ്ങളുടെ നേരെ കണ്ണടക്കണം, നയപൂർവം പെരുമാറണം, എന്നൊക്കെയാണ് 10 -ാം വചനത്തിൽ ഉപദേശിക്കുന്നത്. ശത്രുക്കളുടെ അക്രമങ്ങളെ സംബന്ധിച്ച് എടു ക്കേണ്ട നടപടി അല്ലാഹു എടുത്തുകൊള്ളുമെന്നും അതിന് അൽപ കാലത്തെ താമസം കൂടിയുണ്ടെന്നുംഅതുവരെ ക്ഷമിക്കണമെന്നും പറഞ്ഞു സമാധാനിപ്പിക്കുന്നതാണ് 11 -ാം വചനം. അവർക്ക് അനുഭവപ്പെടുവാനിരിക്കുന്ന ശിക്ഷകളെക്കുറിച്ച് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നു:-

إِنَّ لَدَيْنَآ أَنكَالًا وَجَحِيمًا ﴿١٢﴾

《12》 നിശ്ചയമായും, നമ്മുടെ അടുക്കൽ കനത്ത വിലങ്ങുകളും, കത്തിജ്വലിക്കുന്ന അഗ്നിയുമുണ്ട്;

وَطَعَامًا ذَا غُصَّةٍ وَعَذَابًا أَلِيمًا ﴿١٣﴾

《13》 (കീഴ്പോട്ടിറങ്ങാതെ തൊണ്ടയിൽ) അടഞ്ഞു നിൽക്കുന്ന ഭക്ഷണവും, വേദനയേറിയ ശിക്ഷയും ഉണ്ട്.

يَوْمَ تَرْجُفُ ٱلْأَرْضُ وَٱلْجِبَالُ وَكَانَتِ ٱلْجِبَالُ كَثِيبًا مَّهِيلًا ﴿١٤﴾

《14》 ഭൂമിയും, പർവ്വതങ്ങളും വിറകൊള്ളുകയും പർവ്വതങ്ങൾ അലിഞ്ഞൊഴുകുന്ന മണൽകുന്ന് (പോലെ) ആകുകയും ചെയ്യുന്ന ദിവസം! [അന്നായിരിക്കും അത്.]

《12》 إِنَّ لَدَيْنَآ നിശ്ചയമായും നമ്മുടെ അടുക്കലുണ്ട് أَنكَالًا കനത്ത വിലങ്ങു കൾ, ഭാരിച്ച ചങ്ങലകൾ وَجَحِيمًا ജ്വലിക്കുന്ന അഗ്നിയും 《13》 وَطَعَامًا ഭക്ഷണവും ذَا غُصَّةٍ തൊണ്ടയിൽ കെട്ടുന്നതായ, അടഞ്ഞുനിൽക്കുന്ന وَعَذَابًا ശിക്ഷയും أَلِيمًا വേദനയേറിയ 《14》 يَوْمَ تَرْجُفُ വിറകൊള്ളുന്ന (കിടുത്തുപോകുന്ന) ദിവസം ٱلْأَرْضُ ഭൂമി وَٱلْجِبَالُ പർവ്വതങ്ങളും, മലകളും وَكَانَتِ ٱلْجِبَالُ പർവ്വതങ്ങൾ ആകുകയും كَثِيبًا മണൽക്കുന്ന് (പോലെ) مَّهِيلًا അലിഞ്ഞു ഒഴുകുന്ന, ഉതിർന്നൊലിക്കുന്ന

കിയാമത്ത്നാളിലെ സംഭവവികാസങ്ങളെയും ശിക്ഷകളെയുമാണ് ഈ വച നങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. 'സക്കൂം', 'ളരീഉ്'(ضريع ، زقوم) മുതലായ നരകീയ ഭക്ഷ്യവിഭവങ്ങളെ ഉദ്ദേശിച്ചാണ് തൊണ്ടയിൽ അടഞ്ഞുനിൽക്കുന്ന ഭക്ഷണം എന്ന് പറഞ്ഞിരിക്കുന്നത്. ഒന്നാമത്തെതിനെപ്പറ്റി സൂ: ദുഖാൻ 43 ലും, രണ്ടാമ ത്തേതിനെപ്പറ്റി സൂ: ഗ്വാശിയഃ (الغاشية) 6 ലും പ്രസ്താവിച്ചിരിക്കുന്നത് കാണാം.

إِنَّآ أَرۡسَلۡنَآ إِلَيۡكُمۡ رَسُولٗا شَٰهِدًا عَلَيۡكُمۡ كَمَآ أَرۡسَلۡنَآ إِلَىٰ فِرۡعَوۡنَ رَسُولٗا ﴿١٥﴾

﴾15﴿ (ജനങ്ങളേ) നിശ്ചയമായും നാം നിങ്ങളുടെ മേൽ സാക്ഷിയായ ഒരു റസൂലിനെ നിങ്ങളിലേക്ക് അയച്ചിരിക്കുന്നു; ഫിർഔന്റെ അടുക്കലേക്ക് ഒരു റസൂലിനെ നാം അയച്ചത്പോലെ (ത്തന്നെ).

فَعَصَىٰ فِرۡعَوۡنُ ٱلرَّسُولَ فَأَخَذۡنَٰهُ أَخۡذٗا وَبِيلٗا ﴿١٦﴾

﴾16﴿ എന്നിട്ട് ഫിർഔൻ (ആ) റസൂലിനോട് അനുസരണക്കേട് കാണിച്ചു. അപ്പോൾ, നാം അവനെ കടുത്തതായ ഒരു പിടുത്തം പിടിച്ചു (ശിക്ഷിച്ചു).

﴾15﴿ إِنَّآ أَرۡسَلۡنَآ നിശ്ചയമായും നാം അയച്ചിരിക്കുന്നു إِلَيۡكُمۡ നിങ്ങളിലേക്ക് رَسُولٗا ഒരു റസൂലിനെ, ദൂതനെ شَٰهِدًا عَلَيۡكُمۡ നിങ്ങളുടെമേൽ സാക്ഷിയായ كَمَآ أَرۡسَلۡنَآ നാം അയച്ചതുപോലെ إِلَىٰ فِرۡعَوۡنَ ഫിർഔന്റെ അടുക്കലേക്ക് رَسُولٗا ഒരു റസൂലിനെ ﴾16﴿ فَعَصَىٰ എന്നിട്ട് അനുസരണക്കേട് ചെയ്തു, എതിര് പ്രവർത്തിച്ചു فِرۡعَوۡنُ ഫിർഔൻ ٱلرَّسُولَ റസൂലിനോട് فَأَخَذۡنَٰهُ അപ്പോൾ നാമവനെ പിടിച്ചു أَخۡذٗا ഒരു പിടുത്തം وَبِيلٗا കടുത്ത, ശക്തമായ

ഏതുനിലക്കും നിങ്ങളെക്കാൾ വമ്പിച്ച ശക്തിയും, യോഗ്യതയും, സ്വാധീനവുമെല്ലാം ഉണ്ടായിരുന്ന ഫിർഔനും അവന്റെ ആൾക്കാരും റസൂലിനെ അനുസരിക്കായ്ക നിമിത്തം അനുഭവിക്കേണ്ടിവന്ന ഭയങ്കര ശിക്ഷയെക്കുറിച്ച് നിങ്ങൾക്കറിവുണ്ടല്ലോ. അപ്പോൾ, ഇഹത്തിൽവെച്ചുതന്നെ നിങ്ങളെ ശിക്ഷിക്കുവാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാം എന്ന് താൽപര്യം. എനി, ഐഹികശിക്ഷയിൽനിന്ന് നിങ്ങൾക്ക് ഒഴിവുകിട്ടിയാൽതന്നെ, ഖിയാമത്ത്നാളിൽ പരലോക ശിക്ഷയിൽനിന്ന് നിങ്ങൾക്ക് എങ്ങനെ മോചനം ലഭിക്കുവാനാണ് എന്ന് അടുത്ത വചനത്തിൽ അല്ലാഹു അവരോട് ചോദിക്കുന്നു.

فَكَيۡفَ تَتَّقُونَ إِن كَفَرۡتُمۡ يَوۡمٗا يَجۡعَلُ ٱلۡوِلۡدَٰنَ شِيبًا ﴿١٧﴾

﴾17﴿ എന്നാൽ, നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കുന്ന ഒരു (ഭയങ്കര) ദിവസത്തെ നിങ്ങൾ എങ്ങനെയാണ് സൂക്ഷിക്കുക?!

ٱلسَّمَآءُ مُنفَطِرٌۢ بِهِۦ ۚ كَانَ وَعْدُهُۥ مَفْعُولًا ﴿١٨﴾

إِنَّ هَٰذِهِۦ تَذْكِرَةٌ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلًا ﴿١٩﴾

﴿18﴾ ആകാശം അതുമൂലം പൊട്ടിപ്പിളർന്നതായിരിക്കും. അവന്റെ [അല്ലാഹുവിന്റെ] വാഗ്ദത്തം പ്രവർത്തനത്തിൽ വരുത്തപ്പെടുന്നതാകുന്നു.

﴿19﴾ നിശ്ചയമായും, ഇത് ഒരു (മഹത്തായ) ഉപദേശമാണ്. ആകയാൽ, ആർ (വേണമെന്ന്) ഉദ്ദേശിക്കുന്നുവോ അവൻതന്റെ റബ്ബിങ്കലേക്ക് ഒരുമാർഗം ഏർപ്പെടുത്തിക്കൊള്ളട്ടെ!

﴿17﴾ فَكَيْفَ എന്നാൽ എങ്ങനെയാണ് تَتَّقُونَ നിങ്ങൾ സൂക്ഷിക്കുക إِن كَفَرْتُمْ
നിങ്ങൾ അവിശ്വസിക്കയാണെങ്കിൽ يَوْمًا ഒരു ദിവസത്തെ يَجْعَلُ ആക്കുന്ന ٱلْوِلْدَٰنَ
കുട്ടികളെ شِيبًا നരച്ചവർ ﴿18﴾ ٱلسَّمَآءُ ആകാശം مُنفَطِرٌۢ بِهِۦ അത്മൂലം പൊട്ടിപ്പി
ളർന്നതായിരിക്കും كَانَ وَعْدُهُۥ അവന്റെ വാഗ്ദത്തമാകുന്നു مَفْعُولًا പ്രവർത്തിക്കപ്പെ
ടുന്നത് (പ്രയോഗത്തിൽ വരുത്തപ്പെടുന്നത്) ﴿19﴾ إِنَّ هَٰذِهِۦ നിശ്ചയമായും ഇത്
تَذْكِرَةٌ ഒരു ഉപദേശ (ഉൽബോധന)മാണ് فَمَن شَآءَ അപ്പോൾ (എന്നാൽ) ആർ
ഉദ്ദേശിക്കുന്നുവോ, വേണമെന്നുവെച്ചവൻ ٱتَّخَذَ ഉണ്ടാക്കണം, ഏർപ്പെടുത്തട്ടെ,
ആക്കട്ടെ إِلَىٰ رَبِّهِۦ തന്റെ റബ്ബിങ്കലേക്ക് سَبِيلًا മാർഗം, വല്ല വഴിയും

അല്ലാഹുവിൽ നിന്നുള്ള ശിക്ഷ ഒഴിവായിക്കിട്ടുവാനും, അവന്റെ പ്രീതിയും അനുഗ്രഹവും ലഭിക്കുവാനും ഉദ്ദേശിക്കുന്നവർ അതിനുള്ള മാർഗം- അതെ, സത്യവിശ്വാസവും സൽക്കർമവും -സ്വീകരിച്ചുകൊണ്ട് അവനെ അനുസരിച്ചു ജീവിക്കേണ്ടതാണ് എന്ന് സാരം. സൂറത്തിന്റെ ആരംഭത്തിൽ രാത്രിയുടെ പകുതി സമയമോ, അല്ലെങ്കിൽ അൽപം ഏറിയോ കുറഞ്ഞോ നമസ്കരിക്കുവാൻ കൽപിക്കുകയുണ്ടായല്ലോ. കുറേകാലത്തോളം നബിﷺയും സത്യവിശ്വാസികളും ആ കൽപനയനുസരിച്ച് നമസ്കാര കർമം നിർവഹിക്കുകയും ചെയ്തു വന്നു. അതിന് ശേഷം അടുത്ത ആയത്ത് മുഖേന ആ കൽപനയിൽ അല്ലാഹു ഇളവ് നൽകിയിരിക്കയാണ്. ഇളവ് നൽകുവാനുള്ള കാരണങ്ങളും ആ സുദീർഘമായ വചനത്തിൽ തന്നെ കാണാം.

വിഭാഗം- 2

إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَىِ ٱلَّيْلِ وَنِصْفَهُۥ وَثُلُثَهُۥ

﴿20﴾ നിശ്ചയമായും, നിന്റെ റബ്ബ് അറിയുന്നു: രാത്രിയുടെ ഏതാണ്ട് മൂന്നിൽ രണ്ടുഭാഗവും, പകുതിയും മൂന്നിലൊന്നും (സമയം) നീയും,

وَطَآئِفَةٌ مِّنَ ٱلَّذِينَ مَعَكَ ۚ

നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും എഴുന്നേറ്റ് (നമസ്കരിച്ചു) വരുന്നുണ്ടെന്ന്.

وَٱللَّهُ يُقَدِّرُ ٱلَّيْلَ وَٱلنَّهَارَ ۚ عَلِمَ أَن لَّن تُحْصُوهُ فَتَابَ عَلَيْكُمْ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنَ ٱلْقُرْءَانِ ۚ

അല്ലാഹുവത്രെ, രാത്രിയെയും, പകലിനെയും കണക്കാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് അത് (തിട്ടമായി) ക്ലിപ്തപ്പെടുത്താവതല്ല എന്ന് അവന്നറിയാം. ആകയാൽ, അവൻ നിങ്ങളുടെ പേരിൽ (ഇളവുനൽകി) മടക്കം സ്വീകരിച്ചിരിക്കുന്നു. എനി, നിങ്ങൾ ക്വുർആനിൽനിന്നും സൗകര്യപ്പെട്ടത് ഓതി (നമസ്കരിച്ചു) കൊള്ളുവിൻ.

عَلِمَ أَن سَيَكُونُ مِنكُم مَّرْضَىٰ ۙ

അവന്നറിയാം, നിങ്ങളിൽ രോഗികൾ ഉണ്ടായേക്കുന്നതാണെന്ന്;

وَءَاخَرُونَ يَضْرِبُونَ فِى ٱلْأَرْضِ يَبْتَغُونَ مِن فَضْلِ ٱللَّهِ ۙ وَءَاخَرُونَ يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ

വേറെ ചിലർ അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അന്വേഷിച്ചുകൊണ്ട് ഭൂമിയിൽ സഞ്ചരിക്കുമെന്നും, വേറെ ചിലർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിലേർപ്പെടുകയും ചെയ്യുമെന്നും (അറിയാം),

فَٱقْرَءُوا۟ مَا تَيَسَّرَ مِنْهُ ۚ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا

അതിനാൽ, നിങ്ങൾ അതിൽ ക്വുർആനിൽ നിന്ന് സൗകര്യപ്പെട്ടത് ഓതി (നമസ്കരിച്ചു) കൊള്ളുക. നമസ്കാരം നിലനിറുത്തുകയും, സക്കാത്തുകൊടുക്കുകയും അല്ലാഹുവിന്ന് നല്ല കടം കൊടുക്കുകയും ചെയ്യുവിൻ.

وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ ٱللَّهِ هُوَ خَيْرًا وَأَعْظَمَ أَجْرًا ۚ وَٱسْتَغْفِرُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌۢ ﴿٢٠﴾

നിങ്ങൾ നിങ്ങൾക്ക് തന്നെ വേണ്ടി വല്ല നന്മയും മുൻകൂട്ടി ചെയ്തുവെക്കുന്നതായാൽ, അത് കൂടുതൽ ഗുണകരമായതും, വളരെ മഹത്തായ പ്രതിഫലമുള്ളതായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങൾ അതിനെ കണ്ടെത്തുന്നതാണ്.

നിങ്ങൾ അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾20﴿ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് يَعْلَمُ അറിയും, അറിയുന്നു أَنَّكَ تَقُومُ നീ എഴുന്നേൽക്കുന്നു (നമസ്കരിക്കുന്നു) എന്ന് أَدْنَىٰ അടുത്തത് (ഏതാണ്ട്) مِن ثُلُثَىِ മൂന്നിൽ രണ്ടംശത്തോട് ٱلَّيْلِ രാത്രിയുടെ وَنِصْفَهُۥ അതിന്റെ പകുതിയും وَثُلُثَهُۥ അതിന്റെ മൂന്നിലൊന്നും وَطَآئِفَةٌ ഒരു വിഭാഗവും, കൂട്ടരും مِّنَ ٱلَّذِينَ യാതൊരുവരിൽനിന്ന് مَعَكَ നിന്റെ കൂടെയുള്ള وَٱللَّهُ അല്ലാഹു, അല്ലാഹുവത്രെ يُقَدِّرُ കണക്കാക്കുന്നു, നിർണയിക്കുന്നത് ٱلَّيْلَ وَٱلنَّهَارَ രാവിനെയും പകലിനെയും عَلِمَ അവൻ അറിഞ്ഞിരിക്കുന്നു, അവന് അറിയാം أَن لَّن تُحْصُوهُ നിങ്ങളതിനെ ക്ലിപ്തമാക്കുക (തിട്ടപ്പെടുത്തുക- സൂക്ഷ്മമായറിയുക) ഇല്ലെന്ന് فَتَابَ ആകയാൽ അവൻ മടക്കം സ്വീകരിച്ചു عَلَيْكُمْ നിങ്ങളുടെ പേരിൽ فَٱقْرَءُوا۟ എനി (അതിനാൽ) നിങ്ങൾ ഓതുവിൻ, പാരായണം ചെയ്വിൻ مَا تَيَسَّرَ സൗകര്യപ്പെട്ടത്, എളുപ്പമായത് مِنَ ٱلْقُرْءَانِ ക്വുർആനിൽനിന്ന് عَلِمَ അവന്നറിയാം أَن سَيَكُونُ ആയിത്തീരും (വഴിയെ ഉണ്ടാകും) എന്ന് مِنكُم നിങ്ങളിൽ (നിന്ന്) مَّرْضَىٰ രോഗികൾ وَءَاخَرُونَ വേറെ ചിലർ, മറ്റ് ചിലർ يَضْرِبُونَ അവർ സഞ്ചരിക്കും فِى ٱلْأَرْضِ ഭൂമിയിൽ يَبْتَغُونَ അന്വേഷിച്ചു (തേടി)ക്കൊണ്ട് مِن فَضْلِ ٱللَّهِ അല്ലാഹുവിന്റെ ദയവിൽ (അനുഗ്രഹത്തിൽ) നിന്ന് وَءَاخَرُونَ വേറെ ചിലർ يُقَٰتِلُونَ യുദ്ധവും ചെയ്യും فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ فَٱقْرَءُوا۟ അതിനാൽ നിങ്ങൾ ഓതുവിൻ مَا تَيَسَّرَ സൗകര്യമായത് مِنْهُ അതിൽനിന്ന് وَأَقِيمُوا۟ നിങ്ങൾ നിലനിറുത്തുകയും ചെയ്യുവിൻ ٱلصَّلَوٰةَ നമസ്കാരം وَءَاتُوا۟ ٱلزَّكَوٰةَ സക്കാത്ത് കൊടുക്കുകയും ചെയ്യുക وَأَقْرِضُوا۟ ٱللَّهَ നിങ്ങൾ അല്ലാഹുവിന് കടം കൊടുക്കുകയും ചെയ്യുവിൻ قَرْضًا കടം, ഒരു കടം حَسَنًا നല്ലതായ وَمَا تُقَدِّمُوا۟ നിങ്ങൾ മുൻകൂട്ടി ചെയ്തു

വെക്കുന്നത്, എന്ത് മുന്തിച്ചാലും لِأَنفُسِكُم നിങ്ങൾക്ക് തന്നെവേണ്ടി مِّنْ خَيْرٍ നല്ലതായിട്ട്, ഉത്തമമായതിൽനിന്ന്, വല്ല നന്മയും تَجِدُوهُ നിങ്ങളത് കണ്ടെത്തും, നിങ്ങൾക്ക് കിട്ടും عِندَ ٱللَّهِ അല്ലാഹുവിങ്കൽ هُوَ അത് (തന്നെ) خَيْرًا ഗുണമായിട്ട്, ഉത്തമമായ നിലക്ക് وَأَعْظَمَ ഏറ്റം (വളരെ) മഹത്തായതായും أَجْرًا പ്രതിഫലം وَٱسْتَغْفِرُوا۟ നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ ٱللَّهَ അല്ലാഹുവോട് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

റസൂൽ തിരുമേനിﷺയുടെ (രാത്രി) നമസ്കാരത്തെക്കുറിച്ച് തനിക്ക് പറഞ്ഞുതരണമെന്ന് സഅ്ദുബ്നുഹിശാം (റ) ആഇശഃ (റ)യോട് ആവശ്യപ്പെട്ടപ്പോൾ ആഇശഃ (റ) അദ്ദേഹത്തോട് ചോദിച്ചു: 'താൻ ഈ സൂറത്ത് സൂഃ മുസമ്മിൽ- ഓതാറില്ലേ?!' അദ്ദേഹം മറുപടി പറഞ്ഞു: 'ഇല്ലാതേ!' അപ്പോൾ ആഇശഃ (റ) പറഞ്ഞു: 'എന്നാൽ, ഈ സൂറത്തിന്റെ ആദ്യത്തിൽ അല്ലാഹു രാത്രി നമസ്കാരം നിർബന്ധമാക്കി. അങ്ങനെ, റസൂൽ തിരുമേനിﷺയും സ്വഹാബികളും ഒരു കൊല്ലത്തോളം അവരുടെ പാദങ്ങളിൽ നീരുകെട്ടുമാറ് നമസ്കാരം നിർവ്വഹിച്ചുവന്നു. പന്ത്രണ്ട് മാസക്കാലം ഈ സൂറത്തിന്റെ അവസാനഭാഗം അല്ലാഹു ആകാശത്ത് സൂക്ഷിച്ചുവെച്ചു. (അവതരിപ്പിച്ചില്ല.) പിന്നീട് സൂറത്തിന്റെ അവസാനത്തിൽ ലഘൂകരണം അവതരിപ്പിച്ചു. അങ്ങനെ, രാത്രി നമസ്കാരം നിർബന്ധമായിരുന്നതിനുശേഷം അത് ഐച്ഛികകർമം (نافلة) ആയിത്തീർന്നു.'(അ; മു; ദാ; ന.)

ഒരു കൊല്ലക്കാലമായിരുന്നു നബിﷺയും സ്വഹാബികളും രാത്രി നമസ്കാരം നിർബന്ധകർമമായി ആചരിച്ചുവന്നത് എന്നാണല്ലോ ഈ ഹദീഥിൽ ആഇശാഃ (റ) പ്രസ്താവിച്ചിരിക്കുന്നത്. വേറെ ചില സ്വഹാബികളിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീഥുകളിൽ കൂടുതൽ കൊല്ലങ്ങളോളം അത് നിർബന്ധമായിരുന്നുവെന്നും വന്നിരിക്കുന്നു. അതിനാൽ, രാത്രി നമസ്കാരത്തിന്റെ നിർബന്ധനിയമം എത്രകാലം നിലനിൽക്കുകയുണ്ടായെന്ന് തീർത്തുപറയുവാൻ നമുക്ക് പ്രയാസമുണ്ട്. സൂറത്തിന്റെ ആദ്യഭാഗം അവതരിച്ച കാലത്ത് ഒരുപക്ഷേ, ആഇശാ (റ) ജനിച്ചിരുന്നുവോ എന്ന്പോലും സംശയിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിനറിയാം. ഏതായാലും, ഈ ആയത്തിൽനിന്ന് നമുക്ക് താഴെ കാണുന്ന സംഗതികൾ മനസ്സിലാക്കാവുന്നതാണ്:-

ഇസ്‌ലാമിന്റെ ആരംഭത്തിൽ -ഈ സൂറത്തിലെ ആദ്യഭാഗങ്ങളിൽ കാണുന്നത്പോലെ- രാത്രി നമസ്കാരം മുസ്‌ലിംകൾക്ക് നിർബന്ധമായിരുന്നു. നബിﷺയും സ്വഹാബികളും കുറേക്കാലം ഒരു നിർബന്ധകടമയെന്ന നിലക്ക് അത് ആചരിച്ചുവന്നശേഷമാണ് ഈ വചനം മുഖേന പ്രസ്തുത നിർബന്ധം ഇളവ് ചെയ്യപ്പെട്ടത്. ചിലപ്പോൾ രാത്രി ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗവും, ചിലപ്പോൾ പകുതിയും, മറ്റ് ചിലപ്പോൾ മൂന്നിലൊരു ഭാഗവും അവർ നമസ്കരിച്ചിരുന്നു.

സമയം ക്ലിപ്തമായി അറിയത്തക്ക ഘടികാരം മുതലായ ഉപകരണങ്ങളില്ലാത്ത കാലത്ത് സമയം കൃത്യമായി കണക്കാക്കുവാൻ പ്രയാസമാണല്ലോ. മാത്രമല്ല, നിർബന്ധ കൽപന വന്നപ്പോൾതന്നെ രാത്രിയുടെ പകുതിയോ, അല്ലെങ്കിൽ കൂടുതലോ, അൽപം കുറച്ചോ സമയം എടുക്കാവുന്നതാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. (2, 3, 4 വചനങ്ങൾ നോക്കുക.) ഏതായാലും ഇത്രയും സമയം രാത്രി ഉറക്കൊഴിച്ച്- കാലിൽ നീരുപോലും കെട്ടുമാറ്- ആ കൃത്യം നബിﷺയും സ്വഹാബികളും തെറ്റാതെ അനുഷ്ഠിച്ചുവരുന്നതും, അല്ലാഹുവിന്റെ കൽപന അനുസരിക്കുന്നതിൽ അവർക്കുള്ള താൽപര്യവും അല്ലാഹു കണ്ടറിയുന്നുണ്ട്; രാപ്പകലുകളുടെ ഏറ്റക്കുറവുകളും, ഓരോന്നിന്റെ കൃത്യ അളവുകളും, അവയിൽ എന്തെല്ലാം നടമാടിക്കൊണ്ടിരിക്കുന്നുവെന്ന സൂക്ഷ്മവിവരവും അല്ലാഹുവിങ്കലുണ്ട്; അവയുടെ നിയന്ത്രണം അവന്റെ പക്കലാണുള്ളത്; സൃഷ്ടികൾക്ക് അതൊന്നും ശരിക്കറിഞ്ഞുകൂടാ. എന്നൊക്കെ ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രസ്തുത നിർബന്ധത്തെ (وجوب) നിങ്ങളുടെ പേരിൽ അവൻ മടക്കം സ്വീകരിച്ചിരിക്കുന്നു (فتاب عليكم) എന്ന വാക്യം മുഖേന അല്ലാഹു ഇളവ് ചെയ്തിരിക്കുന്നു.

എനി മേലിൽ, രാത്രി നമസ്കാരം അത്ര കർശനമായി ആചരിക്കേണ്ടതില്ല. ഓരോരുത്തന്റെയും കഴിവും സൗകര്യവുമനുസരിച്ച് അനുഷ്ഠിച്ചാൽ മതിയാകും എന്നത്രെ 'ക്വുർആനിൽനിന്നും സൗകര്യമായത് ഓതിക്കൊള്ളുക (فاقرأوا ما تيسر من القرآن)' എന്ന വാക്യത്തിന്റെ താൽപര്യം. നമസ്കാരത്തിന്റെ ദൈർഘ്യം സ്ഥിതിചെയ്യുന്നത് പ്രധാനമായും അതിലെ ക്വുർആൻ പാരായണത്തിന്റെ തോതനുസരിച്ചായിരിക്കുമല്ലോ.

രാത്രി നമസ്കാരത്തിന്റെ നിർബന്ധത്തിലും, സമയദൈർഘ്യത്തിലും ഇളവ് നൽകുവാനുള്ള കാരണവും ഈ വചനത്തിൽ അല്ലാഹു വിവരിച്ചിരിക്കുന്നു. ചിലർ രോഗബാധിതരായിരിക്കാം;മറ്റുചിലർ ഉപജീവനമാർഗം അന്വേഷിച്ചും മറ്റും യാത്രകളിൽ ഏർപ്പെട്ടേക്കാം; വേറെ ചിലർ അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമയുദ്ധത്തിൽ ഏർപ്പെട്ടേക്കാം; ഇങ്ങനെ പല അസൗകര്യങ്ങളും സത്യവിശ്വാസികൾക്ക് പലപ്പോഴും ഉണ്ടാകാവുന്നതാണ്. ഇങ്ങനെയുള്ള കാരണത്താലാണ് സൗകര്യമനുസരിച്ച് നിർവ്വഹിച്ചാൽ മതിയെന്ന് കൽപിച്ചിരിക്കുന്നത്. ഈ വചനം അവതരിക്കുന്ന കാലത്ത് ഇസ്‌ലാമിൽ യുദ്ധം നടപ്പാക്കപ്പെട്ടിട്ടില്ല. മക്കീസൂറത്തുകളിൽപെട്ടതാണല്ലോ ഈ അദ്ധ്യായം. അപ്പോൾ, വരാനിരിക്കുന്ന മുടക്കുകളെ നേരത്തെത്തന്നെ പരിഗണിച്ചിരിക്കുന്നത് അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തെയും അനുഗ്രഹത്തെയുമാണ് കുറിക്കുന്നത്. നബിﷺയെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രവചനം കൂടിയായിരിക്കും. കൂടാതെ, കച്ചവടം, കൃഷി മുതലായ ഉപജീവനമാർഗങ്ങൾക്ക്വേണ്ടി യാത്ര ചെയ്യുന്നത് അല്ലാഹുവിന്റെ അടുക്കൽ തൃപ്തിപ്പെട്ട കാര്യമാണെന്നുകൂടി ഈ വചനത്തിൽനിന്ന് മനസ്സിലാക്കാവുന്നതാകുന്നു.

فاقرأوا ما تيسر منه (ഖുർആനിൽനിന്നും സൗകര്യമായത് ഓതിക്കൊള്ളുവിൻ) അഥവാ സൗകര്യപ്പെട്ടേടത്തോളം നമസ്കരിക്കുക എന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. നിർബന്ധമില്ലെങ്കിലും നിങ്ങളുടെ ഗുണത്തിനുവേണ്ടിത്തന്നെ നിങ്ങളത് കഴിവതും അനുഷ്ഠിക്കേണ്ടതുണ്ടെന്നാണത് കാണിക്കുന്നത്. രാത്രി നമസ്കാരത്തെപ്പറ്റി പല ഖുർആൻ വചനങ്ങളിലും നബിവചനങ്ങളിലും ഊന്നിപ്പറഞ്ഞിരിക്കുന്നത് പ്രസിദ്ധമാണല്ലോ. ഈ ആയത്തിന്റെ അവസാനത്തിൽ, ഓരോരുത്തനും അവനവന്റെ ഭാവി നന്മക്കുവേണ്ടി സൽക്കർമങ്ങൾ സമ്പാദിക്കേണ്ടതുണ്ടെന്ന് എടുത്തുപറഞ്ഞിരിക്കുന്നതും സ്മരണീയമാകുന്നു.

നമസ്കാരത്തിൽ സൂറത്തുൽ ഫാത്തിഹഃ ഓതൽ നിർബന്ധമില്ലെന്നും, സൗകര്യപ്പെടുന്ന മറ്റേതെങ്കിലും ഖുർആൻ വചനങ്ങൾ മാത്രം ഓതിയാലും മതിയാകുമെന്നും ഈ വാക്യത്തെ ആസ്പദമാക്കി ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, സൂ: ഫാത്തിഹഃ നിർഹബന്ധമാണെന്നുള്ളതിന് തെളിവ് നബി ﷺ യുടെ ഹദീഥാകുന്നു. തിരുമേനി ﷺ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: لا صلاة لمن لا يقرأ بفاتحة الكتاب – متفق عليه (ഫാത്തിഹത്തുൽ കിത്താബിനെ- വേദഗ്രന്ഥത്തിലെ പ്രാരംഭ അദ്ധ്യായത്തെ- ഓതാത്തവന് നമസ്കാരമില്ല. (ബു; മു.) സൂ: ഫാത്തിഹഃ ക്കുപുറമെ വേറെയും സൂറത്തുകൾ നമസ്കാരത്തിൽ ഓതുക തിരുമേനിയുടെ പതിവായിരുന്നുവെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളതും പൊതുവിൽ അറിയപ്പെട്ടതാണ്.

രാത്രി നമസ്കാരത്തെക്കുറിച്ച് പ്രസ്താവിച്ചശേഷം, നമസ്കാരത്തെ നിലനിറുത്തണമെന്നും, സക്കാത്ത് കൊടുക്കണമെന്നും (أقيموا الصلاة و آتوا الزكاة) പറഞ്ഞിരിക്കുന്നത് അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങളെയും, നിർബന്ധ ധർമത്തെയും ഉദ്ദേശിച്ചാകുന്നു. നബി തിരുമേനി ﷺ യുടെ രാവുയാത്രയും വാനയാത്രയും ('ഇസ്റാഉം', 'മിഅ്റാജും') ഉണ്ടായ രാത്രിയിലാണ് അഞ്ചുനേരത്തെ നമസ്കാരം നിയമിക്കപ്പെട്ടത്. ഇത് തിരുമേനി മക്കഃയിൽ താമസിച്ചിരുന്ന കാലത്താണ്. എന്നാൽ സക്കാത്താകട്ടെ, മദീനഃയിൽവെച്ചാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഇവിടെ 'സക്കാത്ത്' കൊടുക്കുവാൻ കൽപിച്ചതിനെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം.

(1) ചെറിയ പെരുന്നാൾ ദിവസം നൽകേണ്ടുന്ന ഫിത്ര് സക്കാത്താണ് ഇവിടെ ഉദ്ദേശ്യം.

(2) നിലവിലുള്ള സക്കാത്ത്നിയമം നടപ്പാക്കുന്നതിനുമുമ്പ് മറ്റ് ചില തരം ധർമങ്ങൾ നിർബന്ധമുണ്ടായിരുന്നു. അതാണുദ്ദേശ്യം.

(3) സക്കാത്തിന്റെ നിർബന്ധം മക്കഃയിൽവെച്ചുതന്നെ അവതരിച്ചിരിക്കുന്നു. പക്ഷേ, അതിന്റെ വിശദ സ്വഭാവം മദീനഃയിൽവെച്ചാണ് നിയമിക്കപ്പെട്ടത്.

(4) നിലവിലുള്ള സക്കാത്ത്തന്നെയാണ് ഉദ്ദേശ്യം. (ഈ ആയത്തിന്റെ അവതരണം ഉണ്ടായത് മക്കഃയിൽവെച്ചല്ല, മദീനഃയിൽവെച്ചാണെന്ന അഭിപ്രായത്തെ ആസ്പദമാക്കിയാണ് ഇപ്പറഞ്ഞത്.)

ഒരു പക്ഷേ- യുദ്ധത്തെക്കുറിച്ച് പറഞ്ഞത്പോലെ- ഭാവിയിൽ നടപ്പിലാക്കാൻ പോകുന്ന സക്കാത്തിനെപ്പറ്റി നേരത്തെത്തന്നെ ഓർമിപ്പിച്ചതായിരിക്കുവാനും സാധ്യതയുണ്ട്. الله اعلم ഏതായാലും, നിർബന്ധമായ നമസ്കാരത്തെയും നിർബന്ധമായ സക്കാത്തിനെയും കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നതെന്ന് വ്യക്തമാകുന്നു. കാരണം, തുടർന്നുള്ള വാക്യത്തിൽ 'അല്ലാഹുവിന് നല്ലതായ കടം കൊടുക്കുകയും ചെയ്യുവിൻ' وأقرضوا الله قرضا حسنا എന്ന് പറഞ്ഞുവല്ലോ. ഇത് ഏതെങ്കിലും ഒരു നിശ്ചിത നിർബന്ധത്തെ ഉദ്ദേശിച്ചാവാൻ തരമില്ല. ഐച്ഛികമായ ദാനധർമങ്ങളെ ഉദ്ദേശിച്ചാകുവാനാണ് സാധ്യത. وأقرضوا الله (അല്ലാഹുവിന് കടംകൊടുക്കുക) എന്ന പ്രയോഗത്തെപ്പറ്റി സൂ: ഹദീദ് 11 ലും, സൂ: തഗാബുൻ 17 ലും വിവരിച്ചത് ഓർക്കുക.

നിങ്ങൾ നിങ്ങൾക്കുതന്നെ വേണ്ടി വല്ലനന്മയും മുൻകൂട്ടി ചെയ്തുവെച്ചാൽ അത് അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ ഉത്തമമായും, വമ്പിച്ച പ്രതിഫലമുള്ളതായും നിങ്ങൾക്ക് കണ്ടെത്താം.(وما تقدموا لأنفسكم الخ)' എന്ന വാക്യം നമസ്കാരം, ധർമം തുടങ്ങിയ എല്ലാവിധ പുണ്യകർമങ്ങളെയും കുറിച്ചുള്ള പ്രോൽസാഹനമാകുന്നു. കേവലം ചെറുതെന്നോ, നിസ്സാരമെന്നോ കരുതി ഏതൊരു സൽകാര്യത്തെയും അവഗണിക്കരുതെന്നും, ഏതൊരു സൽക്കർമവും അല്ലാഹുപാഴാക്കുകയില്ലെന്നും, ഓരോന്നിനും പ്രതീക്ഷയിൽ കവിഞ്ഞ പ്രതിഫലം അവൻ നൽകുമെന്നും അല്ലാഹു അറിയിക്കുന്നു. നിർബന്ധ കടമകൾകൊണ്ട് മതിയാക്കാതെ ഐച്ഛികമായ സൽക്കർമങ്ങൾ കഴിവതും ജീവിതത്തിൽ സമ്പാദിച്ചുവെക്കുന്നത് ആവശ്യമാണ് എന്നുള്ള ഒരു ഉപദേശവും അതിലടങ്ങുന്നു. അവസാനമായി, എല്ലാവരും പാപമോചനം തേടിക്കൊണ്ടിരിക്കണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. സൽക്കർമങ്ങളുടെ കൂട്ടത്തിൽ പാപമോചനം തേടലി (استغفار)നുള്ള പ്രത്യേക സ്ഥാനം ഇതിൽനിന്ന് മനസ്സിലാക്കാം. മനുഷ്യൻ എത്രതന്നെ പരിശുദ്ധനും സൽക്കർമിയും ആയിക്കൊള്ളട്ടെ, അവന്റെ പക്കൽ അറിഞ്ഞോ അറിയാതെയോ പല തെറ്റുകുറ്റങ്ങളും പോരായ്മകളും ഉണ്ടായിരിക്കും. ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറയുന്നു: 'ആദമിന്റെ മക്കളെല്ലാം അബദ്ധം പിണയുന്നവരാണ്. അബദ്ധം പിണയുന്നവരിൽവെച്ച് ഉത്തമൻമാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാകുന്നു.' (തി; ജ:) ആ നിലക്ക് താൻ ഒരു പാപം ചെയ്തതായി തോന്നാത്തവൻപോലും അല്ലാഹുവിനോട് പാപമോചനം തേടാതിരിക്കുവാൻ നിവൃത്തിയില്ല. മനുഷ്യരിൽവെച്ച് ഏറ്റവും ഉൽകൃഷ്ടനും പാപരഹിതനുമായ ദേഹം നബി തിരുമേനിﷺയാണല്ലോ. തിരുമേനിപോലും ദിനംപ്രതി എഴുപതോ നൂറോ പ്രാവശ്യം പാപമോചനം തേടിയിരുന്നുവെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളത് പ്രസ്താവ്യമാണ്. പാപമോചനം തേടുന്നത് നിമിത്തം പാപങ്ങൾ

പൊറുത്തുകിട്ടുന്നതിന് പുറമെ, അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹ ത്തിനും അത് കാരണമാണെന്ന്കൂടി ഉണർത്തിക്കൊണ്ടാണ് അല്ലാഹു അദ്ധ്യായം സമാപിപ്പിക്കുന്നത്. അതെ, إن الله غفور رحيم (നിശ്ചയമായും അല്ലാഹു വളരെ പൊറു ക്കുന്നവനും കരുണാനിധിയുമാകുന്നു.)

ربنا اغفر لنا وارحمنا ولوالدينا ولذرياتنا وللمؤمنين وللمؤمنات

اللهم لك الحمد ولك المنة والفضل